കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുന്നന്താനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P7/1069/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 24/10/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നന്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P7/1069/2024 തീയ്യതി: 24/10/2024

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽകുമാർ റ്റി.	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	18-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	18-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഷാന്റി ജോർജ്ജ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീദേവി സതീഷ്ബാബു	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. മുജീബ് റഹ്മാൻ കെ.എം.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ജ്യോതി എം.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	06-07-2023
ശ്രീമതി അനിലകുമാരി ആർ.	അസിസ്റ്റന്റ് സെക്രട്ടറി	07-07-2023	31-03-2024
ഡോ. വിനിത രവി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	29-08-2023
ഡോ. അഞ്ജന എൻ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	30-08-2023	31-03-2024
ശ്രീ. അരുൺകുമാർ എൻ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി താര ഒ.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. പ്രീത സി. പിള്ള	വെറ്റിനറി സർജൻ	01-04-2023	02-07-2023
ഡോ. ആശ അലക്സ്	വെറ്റിനറി സർജൻ	03-07-2023	03-10-2023
ഡോ. പ്രീതി മേരി എബ്രഹാം	വെറ്റിനറി സർജൻ	04-10-2023	31-03-2024
ശ്രീമതി വിന്നി മാത്യു	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി മേരിക്കുട്ടി മത്തായി	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി റോഷ്ന കരീം	ഫിഷറീസ് ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ജിഷ ആർ.ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	09-05-2023
ശ്രീമതി ആഷാറാണി എ.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	10-05-2023	03-07-2023
ശ്രീമതി സൗമ്യ എൻ.	അസിസ്റ്റന്റ് എഞ്ചിനീയർ	04-07-2023	31-03-2024
ശ്രീ. ഹാരിസ് എം.ഐ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നന്താനം സർക്കിൾ	01-04-2023	01-06-2023
ശ്രീ. അനു പി. വിജയൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നന്താനം സർക്കിൾ	02-06-2023	17-08-2023
ശ്രീ. ഹാരിസ് എം.ഐ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നന്താനം സർക്കിൾ	18-08-2023	03-09-2023
ശ്രീ. രാജേഷ് ഇ.എം.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നന്താനം സർക്കിൾ	04-09-2023	31-03-2024
ശ്രീ. ഹാരിസ് എം.ഐ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആഞ്ഞിലിത്താനം സർക്കിൾ	01-04-2023	31-03-2024
ഡോ. രശ്മി നായർ	മെഡിക്കൽ ഓഫീസർ,	01-04-2023	02-07-2023

രാജഗോപാലൻ	സി.എച്ച്.സി.		
ഡോ. മാത്യു വർഗ്ഗീസ് മാരെറ്റ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	03-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-1
3	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-2
4	വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല	1-1-4
6	കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല	1-1-5
7	ഗ്രണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല	1-1-6
8	ആസ്തികൾക്ക് തുല്യമായി കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ബുക്ക് ചെയ്തില്ല	1-1-7
9	നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല	1-1-8
10	ചെലവ് തുക റവന്യൂഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തില്ല	1-1-9
11	ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല	1-1-10
12	ലോൺ റിക്കവറി ബുക്ക് ചെയ്തില്ല	1-1-11
13	നീക്കിയിരിപ്പ് കൃത്യമല്ല	1-1-12
14	ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല	1-1-13
15	തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ഉൾപ്പെടുത്തിയില്ല	1-1-14
16	ജലനിധി അക്കൗണ്ട്- ബാധ്യത ഹെഡിൽ തുക ബുക്ക് ചെയ്തില്ല	1-1-15
17	Prior Period Expenditure-രേഖകളില്ലാതെ തുക എഴുതി തള്ളി	1-1-16
18	ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല	1-1-17
19	വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല	1-1-18
20	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-20
21	ബജറ്റ്	1-2
22	സാമ്പത്തിക വിശകലനം	1-3
23	ഗ്രാന്റ് വിനിയോഗം	1-4
24	പദ്ധതി അവലോകനം	1-5
25	തൊഴിലുറപ്പ് പദ്ധതി	1-6
26	ക്ഷേമപദ്ധതികൾ	1-7
27	ക്യാഷ് ബാലൻസ് പരിശോധന	1-8
28	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
29	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
30	യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല	1-11
31	വസ്തുനികുതി കുറവായി നിർണ്ണയിച്ചു	1-12
32	അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല	1-13
33	വസ്തുനികുതി ഇനത്തിൽ 39 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-14
34	വാടക പിരിവ് - അപാകങ്ങൾ	1-15
35	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം	1-16
36	മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-17
37	ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ	1-18
38	UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല	1-19

39	സിവിൽ നിക്ഷേപങ്ങൾ–കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-20
40	മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 96,600 രൂപയുടെ നഷ്ടം	1-21
41	കോൺവെന്റുകളിൽ താമസിക്കുന്ന കന്യാസ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും നൽകിവരുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധം	1-22
42	പകൽവീട് - നിർമ്മാണം ആരംഭിച്ച് ഏഴ് വർഷത്തിന് ശേശവും പദ്ധതി യാഥാർത്ഥ്യമായില്ല	1-23
43	ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും	1-24
44	ലൈബ്രറി സെസ്സ് ഒടുക്കാൻ അവശേഷിക്കുന്നു	1-25
45	മാന്താനം മാർക്കറ്റിലെ ടേക്ക്-എ-ബ്രേക്ക് നിഷ്ക്രിയ ആസ്തിയായി മാറി	1-26
46	പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല	1-27
47	മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു	1-28
48	പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-29
49	ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-30
50	വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല	1-31
51	വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ നിശ്ചയിച്ചിരുന്ന പല പദ്ധതികളും നടപ്പാക്കാനായിട്ടില്ല	1-32
52	ഭൂരിഭാഗം മരാമത്ത് പ്രവർത്തികളും നടപ്പാക്കാനായില്ല	1-33
53	ദുരിതാശ്വാസ നിധി നിർജ്ജീവം	1-34
54	വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി തുടരുന്നു	1-35
55	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം; പദ്ധതികളുടെ പ്രയോജനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നില്ല	1-36
56	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം	1-37
57	മുറ്റത്തൊരു മീൻതോട്ടം പദ്ധതി -അപാകങ്ങൾ	1-38
58	ഹരിതകർമസേന പ്രവർത്തനവലോകനം	1-39
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 96,600 രൂപയുടെ നഷ്ടം	3-1
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-7
8	ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2024 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 18/06/2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 19/06/2024-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
24/10/2024

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ എല്ലാ ഡിമാന്റ് എൻട്രികളും മാർച്ച് 31-നാണ് ബുക്ക് ചെയ്തിരിക്കുന്നത്.

1-1-3 വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B-15, B-9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻക്കൂർ തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

1-1-5 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല

ഷെഡ്യൂൾ ബി-7: Deposits Received - കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല.

1-1-6 ഗുണഭോക്തൃ വിഹിതം- അക്കൗണ്ടിംഗ് കൃത്യമല്ല

ഗുണഭോക്തൃ വിഹിതം - മുൻ നീക്കിയിരിപ്പ് തുക (രൂ. 21,663) ക്രമീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകുകയോ ചെയ്തിട്ടില്ല.

1-1-7 ആസ്തികൾക്ക് തുല്യമായി കാപിറ്റൽ കോൺട്രിബ്യൂഷൻ ബുക്ക് ചെയ്തില്ല

തൻവർഷം വിവിധ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചതിന് ചെലവായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയിട്ടില്ല.

1-1-8 നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-4: ലൈഫ് സംസ്ഥാന വിഹിതം – നീക്കിയിരിപ്പ് തുക (രൂ.7,63,103) ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി (രൂ.6,20,129) പൊരുത്തപ്പെടുന്നില്ല.

1-1-9 ചെലവ് തുക റവന്യൂഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തില്ല

1. ഷെഡ്യൂൾ ബി-4: Grant For Keralolsavam - കേരളോത്സവം നടത്തിപ്പിന് ചെലവായ തുക (മുൻ നീക്കിയിരിപ്പ്) റവന്യൂ ഹെഡിലേക്ക് മാറ്റിയില്ല.

2. ഷെഡ്യൂൾ ബി-4: Literacy Scheme Grant – തുടർ സാക്ഷരത പ്രവർത്തനത്തിന് ചെലവായ തുക ഗ്രാന്റിന്റെ ബാധ്യത ഹെഡിൽ നിന്ന് റവന്യൂ ഹെഡിലേക്ക് മാറ്റിയില്ല.

3. ഷെഡ്യൂൾ B-18: Temporary Advnce For Official Purpose - കേരളോത്സവത്തിന് അഡ്വാൻസ് നൽകിയ തുക (രൂ. 25000) ചെലവായതിന് ശേഷം ക്രമീകരിച്ചില്ല.

4. ഷെഡ്യൂൾ B-18: Advance To Implementing Officers - പ്രീമൺസൂൺ ക്ലീനിംഗിന് മെഡിക്കൽ ഓഫീസർക്ക് നൽകിയ തുക (രൂ. 150000) ക്രമീകരിച്ചില്ല.

1-1-10 ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-4: ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ തുകയുമായി 192292 രൂപയുടെ വ്യത്യാസം ഉണ്ട്.

1-1-11 ലോൺ റിക്കവറി ബുക്ക് ചെയ്തില്ല

ഷെഡ്യൂൾ ബി-5: ലോൺ അക്കൗണ്ടിൽ മുൻവർഷങ്ങളിലെ സോഴ്സ് റിക്കവറി തുക അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-12 നീക്കിയിരിപ്പ് കൃത്യമല്ല

1. ഷെഡ്യൂൾ ബി-9: Amount Payable To Other Creditors - നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് (രൂ. 22,920) കൃത്യതയില്ല.

2. ഷെഡ്യൂൾ ബി-9: Govt. & Other Dues Payble-Others - ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് (രൂ. 25,000)

കൃത്യതയില്ല.

1-1-13 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

1. ഷെഡ്യൂൾ ബി-11(d): Electricity Line Extension- എളപ്പങ്കൽ സ്റ്റേഡിയത്തിൽ സ്ട്രീറ്റ് ലൈൻ (പ്രോജക്ട് നം. 111/24) – നിക്ഷേപ പ്രവൃത്തിക്ക് ചെലവായ തുക (രൂ. 44,944), പ്രവൃത്തി പൂർത്തിയാക്കാതെ തന്നെ ആസ്തി ഹെഡിൽ (414200003) ബുക്ക് ചെയ്തു.

2. ഷെഡ്യൂൾ ബി-11(e): Other Building Furniture – ആയുർവേദ ആശുപത്രിക്ക് ഫർണ്ണീച്ചർ വാങ്ങിയത് (പ്രോജക്ട് നം.138/24) – രൂ. 2,00,000 Medical Institution (Ayurveda) - Furniture എന്ന ഹെഡിൽ ബുക്ക് ചെയ്തില്ല.

3. ഷെഡ്യൂൾ B-15: Receivables For Surcharge On Property Tax (Current) – Rs. 79557, Receivables For Surcharge On Property Tax (Arrear) – Rs. 86381 കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് നിലവിലില്ല.

4. ഷെഡ്യൂൾ B-18: Advance To Other Authorised Agencies - സെക്രട്ടറിമാരുടെ പരിശീലനത്തിന് കിലയ്ക്ക് നൽകിയ തുക (രൂ. 6000) തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

5. ഷെഡ്യൂൾ I-14(A): എം.സി.എഫിൽ ക്യാമറ സ്ഥാപിക്കുന്നതിന് PWD ഇലക്ട്രോണിക്സിന് അഡ്വാൻസ് നൽകിയ തുക (രൂ. 55000) അഡ്വാൻസ് ഹെഡിൽ ബുക്ക് ചെയ്യേണ്ടതിന് പകരം റവന്യു ഹെഡിൽ (251220008)-ൽ അക്കൗണ്ട് ചെയ്തു. ആയത് ഇൻസ്റ്റലേഷന് ശേഷം ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-14 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ ഉൾപ്പെടുത്തിയില്ല

തൊഴിലുറപ്പ് പദ്ധതി - ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

1-1-15 ജലനിധി അക്കൗണ്ട്- ബാധ്യത ഹെഡിൽ തുക ബുക്ക് ചെയ്തില്ല

ഷെഡ്യൂൾ B-17: ജലനിധി അക്കൗണ്ടിലുള്ള തുകയ്ക്ക് (രൂ. 7898) തുല്യമായി ബാധ്യത ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-16 Prior Period Expenditure-രേഖകളില്ലാതെ തുക എഴുതി തള്ളി

ഷെഡ്യൂൾ I-18: Prior Period Expenditure - Tax Remission & Refund – Property Tax On Residential Building - ഗണ്യമായ തുക (രൂ. 1405554) Write Off ചെയ്തിരിക്കുന്നു.

1-1-17 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

1-1-18 വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം പഞ്ചായത്തിന് ലഭിച്ച എല്ലാ വരവും അതേ ദിവസം തന്നെ ക്യാഷ് ബുക്ക്/ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തേണ്ടതാണ്.

1-1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 6197309 രൂപ മുന്നിരിപ്പും 155140000 രൂപ പ്രതീക്ഷിത വരവും 155415000 രൂപ പ്രതീക്ഷിത ചെലവും 5922309 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 01.02.2024 തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
മുന്നിരിപ്പ്	2,03,45,332	--
ഓഡിറ്റ് വർഷത്തെ വരവ്	4,45,82,105	94230529
ആകെ വരവ്	6,49,27,437	
ഓഡിറ്റ് വർഷത്തെ ചെലവ്	3,72,61,104	87873358
നീക്കിയിരിപ്പ്	2,76,66,333	--

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	ഇല്ല	1,75,40,000	1,75,40,000	1,41,91,286	--	33,48,714
വികസന ഫണ്ട്-എസ്.സി.പി	,,	69,26,000	69,26,000	51,76,250	--	17,49,750
വികസന ഫണ്ട്-ടി.എസ്.പി	,,	Xx	Xx	Xx	Xx	Xx
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	43,13,743	21,78,000	64,91,743	5,46,580	59,45,163	Xx
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	2,65,058	29,04,000	33,22,569	26,50,860	6,71,709	Xx
	പലിശ	1,53,511				
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	ഇല്ല	59,70,650	59,70,650	33,30,574	Xx	26,40,076
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്	,,	49,93,400	49,93,400	39,13,486	Xx	10,79,914
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്						
ലൈഫ് -സംസ്ഥാനം വിഹിതം	2,53,575	34,49,528	37,03,103	29,80,000	7,23,103	
ശുചിത്വ മിഷൻ	45,466	--	45,466	--	45,466	
ഐ.സി.ഡി.എസ്.	11,83,926	8,89,486	20,73,412	1,83,816	18,89,596	
ഹെൽത്ത് ഗ്രാന്റ്	3,11,733	11,81,172	14,92,905	4,30,954	10,61,951	
ജലനിധി	6,37,375	17,450	6,54,825	--	6,54,825	
നബാർഡ്	68,000	--	68000	--	68,000	
ആയുഷ് ഗ്രാന്റ്	5,00,000	--	5,00,000	5,00,000	--	
സമ്പൂർണ്ണ ശുചിത്വം	12,000	48,000	60,000	48,000	12,000	

2023-24 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റ് 9 ഗഡുക്കളായി 94,56,300 രൂപ ലഭിച്ചിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ ഫണ്ടിനങ്ങളുടെ സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	13,950
,,	അങ്കണവാടി അധിക വേതനം	9,19,800
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	3,62,693

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
198	91211713	130	39688228	68	65.66

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

ക്രമ നം.	നിർവഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	കൃഷി ഓഫീസർ	8	8	4370720	2701720
2	വെറ്ററിനറി സർജൻ	8	7	1955000	1427381
3	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	12	9	3799634	1425804
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	7	6	1300000	1250000
5	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	300000	120000
6	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	21	13	36907974	13563719
7	ഐ.സി.ഡി.എസ് സൂപ്പർവൈസർ	9	7	4555104	2464488
8	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1650000	1040384
9	സെക്രട്ടറി	34	23	6656777	2842594
10	ഹെഡ്മാസ്റ്റർ	8	8	1982329	1842018
11	അസിസ്റ്റന്റ് എഞ്ചിനീയർ	79	39	24827925	9065080
12	അസിസ്റ്റന്റ് സെക്രട്ടറി	9	7	2906250	1945040
	ആകെ	**198**	**130**	**91211713**	**39688228**

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	3182	1923318	1926500	1926500	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	15240119	15240119	15240119	0
ആകെ	3182	17163437	17166619	17166619	0

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ നിന്നും ലഭിച്ച അഡ്വാൻസും ആയതിന്റെ റീകൂപ്മെന്റും ഉൾപ്പെടുന്നു.

1-7 ക്ഷേമപദ്ധതികൾ

പെൻഷൻ ഇനം	ചെലവ്	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2144200	164

മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	2233400	196
വിധവാ പെൻഷൻ	7275200	676
വാർദ്ധക്യകാല പെൻഷൻ	20739700	1921
അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	198400	18

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 10.10.2024 4 P.M-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2162 (രണ്ടായിരത്തി ഒരുന്നൂറ്റി അറുപത്തി രണ്ട് രൂപാ മാത്രം) രൂപയുടെ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്.
- പരാതി രജിസ്റ്റർ, വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, കാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, എന്നിവ കൃത്യമായി പരിപാലിച്ചിട്ടുണ്ട്. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചുവരുന്നു. സ്ഥാപന സോഫ്റ്റ്വെയർ മുഖാന്തിരമുള്ള പേറോൾ നിയന്ത്രണം നിലവിലുണ്ട്.
- നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. നിലവിലും വൻ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട് (ഖണ്ഡിക 1-14 കാണുക). തനതു വരുമാന സ്രോതസ്സുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ കഴിയാത്തത് ഗൗരവമേറിയ വീഴ്ചയാണ്.
- പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.
- ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്വെയർ മുഖാന്തിരമാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്. വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. അതുപോലെ തന്നെ ലെഡ്ജർ ബാലൻസുകൾ യഥാസമയം റിക്കൺസിലിയേഷൻ നടത്തുന്നില്ല. ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1-ൽ പരാമർശിച്ചിട്ടുണ്ട്.
- എല്ലാ അക്കൗണ്ടുകളും അതത് മാസാന്ത്യം തന്നെ ബാങ്ക് ബുക്ക്/പാസ് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തി കൃത്യമാക്കി സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യമായി.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖ എന്നിവ ഇല്ലാത്തതിനാൽ ലക്ഷക്കണക്കിനുള്ള മുൻകൂർ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.
- പഞ്ചായത്ത് യോഗനടപടിക്കുറിപ്പുകളുടെ നക്കൽ, യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി അംഗീകരിച്ച് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, സെക്രട്ടറി ഉടൻതന്നെ അത് സകർമ്മ അപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല.
- 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ്	09/05/2018 മുതൽ 21/05/2018 വരെ	2013-14 മുതൽ 2017-18 വരെ	28/06/2018
പെർഫോമൻസ് ഓഡിറ്റ്	05/052022	4/2021 മുതൽ 12/2021 വരെ	റിപ്പോർട്ട് ലഭിച്ചിട്ടില്ല

1-11 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം, യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ, മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	യോഗ നമ്പർ	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി
1	10	20.04.2023	15.07.2023	15.7.2023
2	11	28.04.2023	19.09.2023	19.9.2023
3	12	23.05.2023	15.07.2023	15.7.2023
4	14	01.06.2023	15.07.2023	15.7.2023
5	13	14.06.2023	16.11.2023	16.11.2023
6	16	29.07.2023	12.10.2023	12.10.2023
7	18	16.08.2023	30.12.2023	30.12.2023
8	21	04.10.2023	03.03.2024	03.3.2024
9	22	12.10.2023	16.11.2023	16.11.2023
10	23	10.11.2023	25.05.2024	25.05.2024
11	24	29.11.2023	25.05.2024	25.05.2024
12	26	11.12.2023	01.01.2024	01.01.2024
13	1	09.01.2024	22.02.2024	22.02.2024
14	2	25.01.2024	01.03.2024	01.03.2024
15	3	02.02.2024	29.05.2024	29.05.2024
16	8	13.02.2024	22.02.2024	22.02.2024
17	9	26.02.2024	28.07.2024	28.07.2024
18	10	14.03.2024	28.07.2024	28.07.2024

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻകൃയറി (നം.3/07.10.24) നൽകിയിരുന്നു. പഞ്ചായത്തിലെ അമിത ജോലിഭാരം, വിവിധ മിഷനുകളുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെടുന്ന പുതിയ പ്രവർത്തനങ്ങളുടെ ബാഹുല്യം, നിരന്തരമായ മീറ്റിംഗുകൾ, ചില കമ്മിറ്റികളിലെ ഗുണഭോക്തൃലിസ്റ്റ് അന്തിമമായി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലമാണ് യഥാസമയം മിനിട്സ് പൂർത്തിയാക്കുവാൻ കഴിയാതെ വന്നതെന്നും, സമയപരിധി പാലിച്ച് മിനിട്സുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത

ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, "ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിന് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ താഴെപ്പറയുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

അടിസ്ഥാന വസ്തു നികുതി നിരക്ക്

വാണിജ്യാവശ്യം 100 ച.മീ. വരെയുള്ളവ	45 രൂ.
വാണിജ്യാവശ്യം 100 ച.മീറ്ററിനു മുകളിൽ 500ച.മീ വരെയുള്ളവ	70 രൂ.

ക്രമ നം.	ഉടമസ്ഥന്റെ പേരും, വിലാസവും	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക്	കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക്
1	സെക്രട്ടറി, ദേവി വിലാസം എൻ.എസ്.എസ് കരയോഗം നം.96, മഠത്തിൽക്കാവ്, കുന്നന്താനം പി ഒ	7/277/A	24.74	45	70
		7/277/B	27.00		
		7/277/C	27.45		
		7/277/D	27.25		
	ആകെ		**106.44 ച.മീ**		

ഇപ്രകാരം കുറവായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/10.10.2024) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി 27.03.2023 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലംവരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗ്രേസ്കൂൽ മൗണ്ട് പബ്ലിക് സ്കൂൾ, മുണ്ടുകഴി, പാലയ്ക്കാത്തകിടി പി.ഒ, കുന്നന്താനം എന്ന CBSE സ്കൂളിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ 3-ാം വാർഡിലെ (പാലയ്ക്കാത്തകിടി) വിവരങ്ങൾ പരിശോധിച്ചതിൽ ഈ സ്കൂളിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതായി രേഖപ്പെടുത്തലുകളില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/16.10.2024) ടി സ്കൂളിന്റെ വസ്തുനികുതി സംബന്ധിച്ച വിവരം പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് അവയിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 വസ്തുനികുതി ഇനത്തിൽ 39 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള DCB (Demand Collection Balance) സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, വസ്തുനികുതി

ഇനത്തിൽ ആകെ 39 ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമായി. ആകെ ഡിമാന്റിന്റെ 56.83 ശതമാനം മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ	മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ	മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ
3309275	5745434	9054709	307562	4838464	5146026	3001713	906970	3908683

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ B-15) വസ്തുനികുതി കുടിശ്ശികയായി 18.57 ലക്ഷം രൂപയാണ് ഈടാക്കാൻ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് കോഡ്	ഇനം	തുക
431100101	Receivables For Property Tax On Residential Buildings (Current)	17086
431100102	Receivables For Property Tax On Residential Buildings (Arrears)	165214
431100103	Receivables For Property Tax On Non-Residential Buildings (Current)	925800
431100104	Receivables For Property Tax On Non-Residential Buildings (Arrears)	749220
ആകെ		1857320

വാർഷിക കണക്കുകൾ പ്രകാരം 18.57 ലക്ഷം രൂപ വസ്തുനികുതി കുടിശ്ശികയുള്ളപ്പോൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 39 ലക്ഷം രൂപയാണ് കുടിശ്ശികയുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം 14,05,554 രൂപ വസ്തുനികുതി കുടിശ്ശിക എഴുതി തള്ളിയിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച ആധികാരിക രേഖകൾ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി കണക്കുകളിലെ ഗൗരവതരമായ പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

31.03.2024-ൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് ലഭ്യമായ വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ പ്രകാരം കൂടുതൽ കുടിശ്ശികയുള്ള വാർഡുകളായ, വാർഡ് 13 (കുടിശ്ശിക- ₹2285200, തൻവർഷം- ₹520228), വാർഡ് 14 (കുടിശ്ശിക- ₹516452, തൻവർഷം- ₹271797), വാർഡ് 2 (കുടിശ്ശിക- ₹115915) എന്നീ വാർഡുകളിൽ നിന്ന് വസ്തുനികുതിയിനത്തിൽ വൻതുക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/16.10.2024) കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യു വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാ നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ സ.ഉ(കൈ) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. റവന്യു പിരിവിൽ വീഴ്ച വരുത്തുന്നത് ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നതിനാൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനും റവന്യുപിരിവ് കാര്യക്ഷമമാക്കുന്നതിനും അധികൃതരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-15 വാടക പിരിവ് - അപാകങ്ങൾ

ഗ്രാമപ്പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം 17 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ബൈലോ തയ്യാറാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 3 (5,6,7) എന്നിവ പ്രകാരം വാടക പിരിവ് നടത്തുന്നതിന് ബൈലോ

തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ് തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടക പിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തുവക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി ഗ്രാമപഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ പേരും ഒപ്പും മാത്രമുള്ള മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വാടകക്കാരുമായി മുദ്രപത്രത്തിൽ ഉടമ്പടി ചമയ്ക്കാതിരിക്കുന്നത് വീഴ്ചയാണ്. പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെകൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ വയ്പ്പിക്കേണ്ടതും, ആയതിന് സാക്ഷികൾ കൂടി ഒപ്പ വെച്ചിരിക്കേണ്ടതുമാണ്. സെക്രട്ടറിയും ഒപ്പുവെച്ചശേഷം ഇത് എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കണം. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഇതാവശ്യമാണ്. വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കണം. ഇക്കാര്യത്തിലുള്ള വീഴ്ച മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യ ചെയ്ത ജീവനക്കാരിൽ നിന്നും മേൽനോട്ടം വഹിച്ച ഹെഡ് ക്ലാർക്ക്, സെക്രട്ടറി ഇവരിൽനിന്നും ആനുപാതികമായി ഈടാക്കുന്നതാണ്.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ഹാളിന് അടിസ്ഥാന സൗകര്യങ്ങളില്ല

ഗ്രാമപഞ്ചായത്തിന്റെ രണ്ട് കമ്മ്യൂണിറ്റി ഹാളുകളിൽ ആഞ്ഞിലിത്താനത്തുള്ള എസ്.സി. കമ്മ്യൂണിറ്റി ഹാൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നിലവിൽ വാടകയ്ക്ക് നൽകുന്നില്ല. ഇതിനാവശ്യമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	മിറോൺസ് മാനുഫാക്ചിംഗ്& ട്രേഡിംഗ് കമ്പനി, കുന്നന്താനം	I&II
2	തോമസ് റബ്ബേഴ്സ് ഐഡി പ്ലോട്സ്, കുന്നന്താനം	I&II
3	അസാപ് കേരള കിൻഫ്ര പാർക്ക്, കുന്നന്താനം	I
4	വെൻപോൺ ഹെൽത്ത് കെയർ ലിമിറ്റഡ്, കുന്നന്താനം	I
6	ടി.പി.എഞ്ചിനീയറിംഗ് വർക്സ്, മാന്താനം	II

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	ചെങ്ങന്നൂർ നിധി ലിമിറ്റഡ്, കുന്നന്താനം	I&II
2	റ്റോഡി ഷോപ്പ് - 1, മാന്താനം	I&II
3	റ്റോഡി ഷോപ്പ് - II, വള്ളമല	I&II
4	തോമസ് റബേഴ്സ് ഐഡി പ്ലോട്സ്, കുന്നന്താനം	I&II
5	ഈട്ടിക്കൽ ഫ്യൂവൽസ്, കുന്നന്താനം	I&II
6	പ്രിൻസ് ആഗ്രോ പ്രൊഡക്ട്സ് ഐഡി പ്ലോട്സ്, കുന്നന്താനം	I&II

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. മോൺസൺ ഐസക്
2. കബീർ പി.എം
3. രാജാറാം കെ.കെ
4. സുനിൽ എം.ജി
5. സുകുമാരൻ ടി.ജി
6. ഒ.എം.മാത്യു
7. രമേഷ് കെ.കെ
8. ജോൺ തോമസ്
9. ജയൻ റ്റി.ജി
10. വർഗ്ഗീസ് ജോർജ്ജ്

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (22/15.10.2024). ഐ.ഡി. പ്ലോട്ടിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് WP(C) No.13625/22 റിട്ട് പെറ്റീഷനിലെ 08/04/2022 തീയതിയിലെ ഇടക്കാല വിധി പ്രകാരം തൊഴിൽ നികുതി ഒടുക്ക് വരുത്തുന്നതിന് സ്റ്റേ നിലനിൽക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.08.2024 തീയതിയിലെ ആർ.സി2/165/2022/ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 1-ലെ വ്യവസ്ഥ സംബന്ധിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ ഒരു ഭേദഗതി കൊണ്ടു വരുന്നതിന് സർക്കാർ പരിശോധിച്ചു വരുന്നതിനാൽ പ്രസ്തുത ഭേദഗതി നടപ്പിൽ വരുന്നതുവരെ വ്യവസായ ഏരിയ, എസ്റ്റേറ്റ്, പ്ലോട്ട് എന്നിവിടങ്ങളിൽ നിന്നും നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ നിർത്തി വയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും കരാറുകാർക്കും മറ്റ് സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ഒടുക്ക് വരുത്തുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഒടുക്കു വരുത്തുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്ന

സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 4 ടവറുകൾ 2024 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയിട്ടുണ്ട്. മറ്റ് 4 ടവറുകൾ 2024 വർഷത്തെ വസ്തുനികുതി മാത്രമാണ് അടവാക്കാനുള്ളത്. ഒരു മൊബൈൽ ടവറിന്റെ 2021 രണ്ടാം അർദ്ധവർഷം മുതലുള്ള നികുതി അടവാക്കാനുള്ളതായി സോഫ്റ്റ്വെയർ പരിശോധനയിൽ നിന്ന് വ്യക്തമായി. അടവാക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര്	വാർഡ് നം./ കെട്ടിട നം.	തറ വിസ്തീർണ്ണം (ച.മീ)	ഈടാക്കാനുള്ള വസ്തുനികുതിയുടെ വിവരം (സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം)		
റിലയൻസ് ടെലികോം ഇൻഫ്രാ സ്ട്രക്ചർ പ്രൈ.ലിമി.	9/522	37	വർഷം	കാലയളവ്	തുക
			2021	രണ്ടാം അർദ്ധവർഷം	11100

2022	ഒന്നാം അർദ്ധവർഷം	2295
2022	രണ്ടാം അർദ്ധവർഷം	11100
2023	ഒന്നാം അർദ്ധവർഷം	11655
2023	രണ്ടാം അർദ്ധവർഷം	11655
2024	ഒന്നാം അർദ്ധവർഷം	12238
2024	രണ്ടാം അർദ്ധവർഷം	12238
	ആകെ	72281

മേൽ സൂചിപ്പിച്ച മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/10.10.2024) മറുപടിയായി, സ്ഥാപനത്തിന്റെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് 31.03.2024 തീയതിയിൽ റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2023-24 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 330 സ്ഥാപനങ്ങൾ നിലവിലുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 297 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള ആകെ വരവ് 207450 രൂപയാണ്. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കണക്കും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗ ക്രമങ്ങളിൽ 15 വാർഡുകളിലായി 1139 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ളത്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 11 റേഷൻ കടകളിൽ 5 റേഷൻ കടകളിലെ ലൈസൻസ് ഫീസും ജീവനക്കാരുടെ തൊഴിൽ നികുതിയും മാത്രമാണ് അടവാക്കിയിട്ടുള്ളത്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം. സി.എസ്. (എ)-9/764/19, തീ. 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ റേഷൻ ഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും, ചട്ട പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡ് തലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-19 UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല

21-07-2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./20073/2023-ആർ.ഇ.വി2 നമ്പർ സർക്കുലർ പ്രകാരം, BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പെയ്മെന്റിനായി മാത്രം ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീകൺസിലിയേഷൻ നടത്തി, നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ, എസ്.ബി.ഐ ബാങ്കിലുള്ള UPI Payment അക്കൗണ്ടിലെ (A/c.No.42178016696) തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് (A/c No. 119112803000016/കോ-ഓപ്പറേറ്റീവ് ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. UPI പേയ്മെന്റ് തുക കറന്റ് അക്കൗണ്ടിൽ നിന്ന് തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിലേക്ക് കൃത്യമായി ക്രെഡിറ്റ് ചെയ്യാത്തതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടമായി. 31.03.2024-ൽ UPI കറന്റ് അക്കൗണ്ടിലെ ബാലൻസ് തുക 450268 രൂപയാണ്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.9/15.10.2024) മറുപടിയായി UPI പേയ്മെന്റ് അക്കൗണ്ടിലേക്ക് വരുന്ന തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം എല്ലാ മാസവും റീകൺസിലിയേഷൻ നടത്തുന്നുണ്ടെന്നും 2024 ഒക്ടോബർ മാസത്തിൽ റീകൺസിലിയേഷൻ പൂർത്തീകരിച്ച് തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 28.09.2024-ൽ പാസ്സ് ബുക്ക് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 912910 രൂപ ബാലൻസുണ്ട്. റീകൺസിലിയേഷൻ പൂർത്തീകരിച്ച് പലിശ ലഭിക്കത്തക്ക വിധം കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടിൽ നിന്ന് സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക മാറ്റിയിടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 282 പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകളിൽ മൂന്ന് വർഷത്തിലധികമായി അവകാശം ഉന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 14-01-2020-ലെ എ.സി.1/125/2019/തസ്വഭവ. നമ്പർ കത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, സപ്ലയേഴ്സ്, എന്നിവരിൽ നിന്നുള്ള നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നീ ഇനങ്ങളിലായി 31-03-2021-ന് മുമ്പ് ലഭിച്ചിട്ടുള്ളതും വാർഷിക കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ 2,30,838 രൂപ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബാലൻസ്ഷീറ്റ് പ്രകാരമുള്ള തുക (31-03-2024)	കാലഹരണപ്പെട്ടത്
Suppliers' Earnest Money Deposit	66,059	43,184
Bidder's Earnest Money Deposit	8,000	5,800
Rent Deposit	52,000	52,000
Road Cutting Deposit	1,540	1,000
Election Deposit	29,500	29,500
Auction Deposits	99,354	99,354
ആകെ		2,30,838

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 144-ാം വകുപ്പ് പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. 31-03-2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 29,500 രൂപ അവശേഷിയ്ക്കുന്നുണ്ട്.

കാലഹരണപ്പെട്ട നിക്ഷേപം സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻകവറിക്ക് (നം.8/09-10-2024) മറുപടിയായി, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ അടിയന്തിരമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-21 മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 96,600 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. ഈ ഇനത്തിൽ 96,600 രൂപയുടെ നഷ്ടം സർക്കാർ ഖജനാവിന് ഉണ്ടായിട്ടുള്ളതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്, വിലാസം	പെൻഷൻ ID	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നമ്പർ, തീ.	അനർഹമായ കാലയളവ്	മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക
1	ചാക്കോ ഐസക്	103770200897	വാർദ്ധക്യകാല പെൻഷൻ	07-12-23	135/23 19-12-23	01/24-05/24	3000 (600x5)
2	ചന്ദ്രൻ സി.കെ	103770201885	,,	20-07-23	80/23 31-07-23	08/23-05/24	16000 (1600X10)
3	ജനാർദ്ദനൻ എം.ജി.	103770200128	,,	15-03-24	46/2024 05-04-24	04/24-05/24	1200 (600x2)
4	രാജശേഖരൻ നായർ	103770200908	,,	07-11-23	12/2023 27-11-23	12/23-05/24	9600 (1600X6)
5	ശാന്തകുമാർ	103770201868	,,	16-03-24	48/2024 05-04-24	04/24-05/24	1200 (600x2)
6	ശാന്തമ്മ	103770600340	വിധവ പെൻഷൻ	19-02-24	29/2024 29-02-24	03/24-05/24	4800 (1600X3)
7	ഉത്തമൻ കെ.ആർ.	103770200627	വാർദ്ധക്യകാല പെൻഷൻ	12-11-23	131/2023 14-12-23	12/23-05/24	9600 (1600X6)
8	വിജയമ്മ	103770600250	വിധവ പെൻഷൻ	01-10-23	110/2023 09-11-23	10/23-05/24	12800 (1600X8)
9	മീനാക്ഷിയമ്മ	103770600259	വിധവ പെൻഷൻ	02-10-23	111/2023 09-11-23	11/23-05/24	11200 (1600X7)
10	ജാനകിയമ്മ കുട്ടി	103770202321	വാർദ്ധക്യകാല പെൻഷൻ	23-06-23	70/2023 05-07-23	07/23-05/24	17600 (1600X11)
11	അപ്പുക്കുട്ടൻ	103770200892	,,	21-11-23	132/2023 14-12-23	12/24-05/24	9600 (1600X6)
12	ജോൺ കോരുത്	103770201938	,,	11-10-23	104/23 01-11-23	12/23 മുതൽ	പെൻഷൻ സസ്പെന്റ് ചെയ്തില്ല. തുക കൈമാറിയിട്ടില്ല
13	ചിന്നമ്മ ഏബ്രഹാം	103770200700	,,	12-09-24	110/2024 24-09-24	--	പെൻഷൻ സസ്പെന്റ് ചെയ്തില്ല.
14	കുട്ടൻ പിള്ള	103770200669	,,	19-06-23	74/2023 19-07-23	--	പെൻഷൻ സസ്പെന്റ് ചെയ്തില്ല. തുക കൈമാറിയിട്ടില്ല
15	റേച്ചൽ ജോൺ	103770200440	,,	29-08-24	108/2024 20-09-24	--	പെൻഷൻ സസ്പെന്റ് ചെയ്തില്ല
16	തങ്കമ്മ	105550201165	വാർദ്ധക്യകാല പെൻഷൻ	02-09-24	112/2024 24-09-24	--	പെൻഷൻ സസ്പെന്റ് ചെയ്തില്ല
17	പി.ജി. സുരേന്ദ്രൻ	103770100571	കർഷക തൊഴിലാളി പെൻഷൻ	13-11-23	125/2023 04-12-23	01/12 മുതൽ	പെൻഷൻ സസ്പെന്റ് ചെയ്തില്ല. തുക കൈമാറിയിട്ടില്ല
18	ജാനമ്മ	103770100520	,,	20-09-24	117/2024 07-10-24	--	പെൻഷൻ സസ്പെന്റ് ചെയ്തില്ല
19	അമ്മിണിയമ്മ	103770600236	വിധവ പെൻഷൻ	15-09-24	118/2024 07-10-24	--	പെൻഷൻ സസ്പെന്റ് ചെയ്തില്ല
	ആകെ						96,600

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മറ്റ് തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണം സംബന്ധിച്ച വിവരം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെപോലും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 25/15-10-2024), മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മുൻ റിപ്പോർട്ടിൽ പരാമർശ വിഷയമാക്കിയിട്ടും നടപടി സ്വീകരിക്കാതിരുന്നതിനാലാണ് വീണ്ടും ഇത്തരത്തിൽ അധികം തുക നൽകാനിടയായത്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി അനുവദിച്ച ക്ഷേമപെൻഷൻ തുകയായ 96,600 രൂപ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ, മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ അവരുടെ അനന്തരവകാശികളിൽനിന്നോ തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-22 കോൺവെന്റുകളിൽ താമസിക്കുന്ന കന്യാസ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും നൽകിവരുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധം

മിഷണറികൾ, മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങളിൽ താമസിക്കുന്ന സന്യാസിമാർ, പുരോഹിതർ, വൈദികർ, കോൺവെന്റുകളിലെ കന്യാസ്ത്രീകൾ, മഠങ്ങളിലെ/മതസ്ഥാപനങ്ങളിലെ അന്തേവാസികൾ എന്നിവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ലെന്നും ഇത്തരക്കാർ പെൻഷൻ കൈപ്പറ്റുന്ന പക്ഷം അവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ധനകാര്യ വകുപ്പ് 27-02-2023-ലെ സ.ഉ.(കൈ)നം.30/2023/ധന നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം ഇത്തരത്തിൽ പെൻഷൻ പറ്റുന്നവരുടെ അർഹത മാർച്ച് 2023 മുതൽ നഷ്ടപ്പെടുന്നതാണ്.

കുന്നന്താനം ഗ്രാമപഞ്ചായത്തിൽ നിന്നും നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിച്ചതിൽ, സെന്റ് ജോസഫ് കോൺവെന്റ്, പാലയ്ക്കാത്തകിടിയിലുള്ള സ്ഥാപനത്തിൽ താമസിക്കുന്ന 12 കന്യാസ്ത്രീകൾക്ക് ഇത്തരത്തിൽ വാർദ്ധക്യകാല പെൻഷൻ അനുവദിച്ചിട്ടുള്ളതായി കണ്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്, വിലാസം	പെൻഷൻ ID
1	MARY GRACIA	103770202091
2	MARY JASEEMTHA	103770202093
3	MARY LUDEENA	103770202094
4	SR MARY ISIDORE	103770202090
5	SR MARY MARGARET	103770202095
6	SR MARY STHANISLAVOS	103770202092
7	ACHAMMA MARY TREESA	103770202280
8	MARY ROSALIA	103770202286
9	SISTER MARY LAETITIA	103770202281

10	SR MARY VINCENT	103770202287
11	MARY	103770202285
12	SISTER MARY AMALIA	103770202284

മേൽ സാഹചര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.28/16-10-2024). ഓഡിറ്റ് എൻക്വറിയ്ക്ക് മറുപടിയായി, മേൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ചത് 19-12-2021, 20-10-2021 തീയതികളിലായിട്ടാണെന്നും വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും പരിഗണനയ്ക്ക് സമർപ്പിച്ച ശേഷം നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞവരുടെ ക്ഷേമപെൻഷൻ സസ്പെന്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-23 പകൽവീട് - നിർമ്മാണം ആരംഭിച്ച് ഏഴ് വർഷത്തിന് ശേശവും പദ്ധതി യാഥാർത്ഥ്യമായില്ല

വയോജനങ്ങൾക്ക് ഒറ്റപ്പെടലിന്റെ വിരസതകളിൽനിന്നു മാറി മാനസികോല്ലാസത്തോടെ സമയം ചെലവഴിക്കാനുള്ള അവസരം ഒരുക്കുകയാണ് പകൽ വീട് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 2016-17 വർഷം കുന്നന്താനം ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ ആരംഭിച്ച പകൽവീടിന്റെ നിർമ്മാണം 2023-24 സാമ്പത്തിക വർഷവും യാഥാർത്ഥ്യമായില്ല. നിലവിൽ പകൽവീട് കാട് പിടിച്ച് നാശോന്മോഖുമായി കിടക്കുകയാണ്. പകൽ വീടിനായി മുൻ വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതിയുടെ പേര്	അടങ്കൽ (രൂ.)	ചെലവ് (രൂ.)
2016-17	പകൽവീട് നിർമ്മാണം (103/17)	15,00,000	ചെലവില്ല
2017-18	പകൽവീട് നിർമ്മാണം (160/18)	15,00,000	11,98,459
2021-22	പകൽവീടിന് സൗകര്യം ഒരുക്കൽ (136/22)	1,66,683	1,66,265
2023-24	പകൽവീടിന് അടിസ്ഥാന സൗകര്യം ഒരുക്കൽ (167/24)	2,00,000	1,24,116
	ആകെ		**14,88,840**

2017-18 വർഷം കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയാക്കി. 2021-22 വർഷം കെട്ടിടത്തിന് ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുകയും, മുറ്റം ഇന്റർലോക്ക് ചെയ്യുകയും, വാട്ടർ ടാങ്ക് സ്ഥാപിക്കുകയും ചെയ്തു. 2023-24 വർഷം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും നടപ്പാക്കി. നിർമ്മാണം ആരംഭിച്ച് 7-8 വർഷങ്ങൾ പിന്നിട്ടിട്ടും പകൽവീട് പദ്ധതി യാഥാർത്ഥ്യമായിട്ടില്ല. പകൽ വീടിനായി നിർമ്മിച്ച കെട്ടിടവും പരിസരവും കാടുപിടിച്ച് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. കെട്ടിടം പഞ്ചായത്ത് വകയാണെന്ന് തിരിച്ചറിയുന്നതിനായി ഒരു ബോർഡുപോലും ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടില്ല.



വാർദ്ധക്യമെന്നാൽ ഉപേക്ഷിക്കപ്പെടേണ്ട കാലമല്ല, മറിച്ച് സംരക്ഷിക്കപ്പെടേണ്ട കാലമാണെന്ന കാഴ്ച്ചപ്പാടാണ് പകൽവീട് എന്ന ആശയത്തിന് പിന്നിലുള്ളത്. പ്രായമായവരുടെ തണലിടങ്ങളാകേണ്ട പകൽവീട് പ്രയോജനപ്രദമാകാതെ കിടക്കുന്നത് ഓഡിറ്റ് എൻക്വയറി മൂലം (നം.31/17-10-2024) അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വൃദ്ധജനങ്ങൾക്ക് ഒറ്റപ്പെടലിൽനിന്ന് മോചനം നൽകുന്ന പകൽവീട് യാഥാർത്ഥ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതും മറ്റൊരു കെട്ടിടം കൂടി നിഷ്ഫ്രിയ ആസ്തിയായി പരിണമിക്കുവാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-24 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റ് എന്നിവ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ ഗണ്യമായ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ്	ചെലവ്	ചെലവ് ശതമാനം	2024-25ൽ അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക (₹)	ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക
വികസന ഫണ്ട് - എസ്.സി.പി	6926000	5176250	74.73	1385200	364550
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	5970650	3330574	55.78	1194130	3582390
മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ്	4993400	3913486	78.37	998680	2996040

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ.(കൈ)നം.79/2021/ധന നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. വിനിയോഗ ശതമാനം 80 ശതമാനത്തിൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. നിലവിലെ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടുകയും, പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും. സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ ചെലവ് 55.78% മാത്രമാണ്.

ബജറ്റ് വിഹിതം സർക്കാർ പൂർണ്ണമായും അനുവദിക്കാത്തതിനാലും അനുവദിക്കപ്പെട്ട വിഹിതത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി ലഭിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിന് ഭീമമായ ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അടിയന്തിര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർ വർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

1-25 ലൈബ്രറി സെസ്സ് ഒടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 2,04,977 രൂപ അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. അവശേഷിച്ച തുകയിൽ 2024-25 സാമ്പത്തിക വർഷം 1,69,461 രൂപ (21-05-2024-ൽ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടച്ചിട്ടുണ്ട്. ബാലൻസ് തുകയായ 35,516 രൂപ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.15/14-10-2024) നൽകുകയുണ്ടായി. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, അവശേഷിക്കുന്ന ലൈബ്രറി സെസ്സ് ഇ-പേയ്മെന്റ് മുഖേന വരവ് വന്നിട്ടുള്ളതാണെന്നും ആയത് അടച്ചിട്ടില്ലെന്നും ഉടൻതന്നെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്, രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ 10088/എൽ.3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് യഥാസമയം ഒടുക്കുവരുത്തുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

1-26 മാന്താനം മാർക്കറ്റിലെ ടേക്ക്-എ-ബ്രേക്ക് നിഷ്ക്രിയ ആസ്തിയായി മാറി

2020-21 സാമ്പത്തിക വർഷം 7.68 ലക്ഷം രൂപ മുടക്കി മാന്താനം മാർക്കറ്റിൽ നിർമ്മിച്ചിട്ടുള്ള ടേക്ക്-എ-ബ്രേക്ക്, അഥവാ വഴിയിടം, ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-07-2020-ലെ സ.ഉ.(സാധാ)നം.1401/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെട്ടതായിരുന്നു ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം. പൊതു ശുചിമുറി സമുച്ചയ നിർമാണ പദ്ധതിയാണിത്. ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, ബസ് സ്റ്റേഷനുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങി ജനങ്ങൾ ഒരുമിച്ചെത്തുന്ന പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഏതുസമയത്തും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ നിലവിലുള്ള ശുചിമുറികൾ സജ്ജമാക്കുകയും ഉന്നത നിലവാരമുള്ള ശുചിമുറി സമുച്ചയങ്ങളും വിശ്രമകേന്ദ്രങ്ങളും നിർമിക്കുകയും ചെയ്യുന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി.

ടേക്ക്-എ-ബ്രേക്ക് പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം 7,67,784 രൂപ ചെലവഴിച്ച് മാന്താനം മാർക്കറ്റിൽ നിർമ്മിച്ച വഴിയിടം (പൊതു ശൗചാലയം) ഉദ്ഘാടനത്തിന് ശേഷം ഏറെനാൾ കഴിയുന്നതിന് മുമ്പ് തന്നെ അടച്ചുപൂട്ടി. വാഹനയാത്രക്കാർക്കും പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും പ്രാഥമികാവശ്യങ്ങൾ വിനിയോഗിക്കാൻ കഴിയുന്ന ശുചിമുറിയാണ് അടഞ്ഞുകിടക്കുന്നത്. ചന്തയുള്ള ദിവസങ്ങളിൽ മാർക്കറ്റിൽ എത്തുന്ന പൊതുജനങ്ങൾക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റ് മാർഗ്ഗങ്ങൾ ഇല്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, സ്ഥിരമായി വെള്ളം ലഭിക്കുന്നതിനുള്ള സംവിധാനമില്ലാത്തതാണ് വഴിയിടം അടഞ്ഞുകിടക്കാനുള്ള കാരണമെന്നാണ് മാർക്കറ്റിലുള്ളവർ അറിയിച്ചത്. കൂടാതെ ശുചിമുറി പരിപാലിക്കുന്നതിന് സ്ഥിരം സംവിധാനം ഇല്ലാത്തതും പദ്ധതി പരാജയപ്പെടുവാൻ ഇടയാക്കി.

ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇവയുടെ പരിപാലനവും നടത്തിപ്പും സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയിരുന്നു. ആയത് പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുംബശ്രീ മിഷൻ (സംരഭ) യൂണിറ്റുകൾക്കായിരിക്കണം ഇവയുടെ നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനവും, കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചിമുറിയുടെ നടത്തിപ്പ്/പിരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്. ശുചിമുറി സമുച്ചയത്തിനൊപ്പം റിഫ്രഷ്മെന്റ് കേന്ദ്രം കൂടി പ്രവർത്തിപ്പിച്ച് അധിക വരുമാനം കണ്ടെത്തണം. സ്ഥല പരിമിതി മൂലം ഇത് സാധ്യമാകാതിരിക്കുകയും, പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നിശ്ചിത വരുമാനം ഉറപ്പാക്കാനാവാത്ത സാഹചര്യമുണ്ടാവുകയും ചെയ്താൽ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ആവശ്യമായി വരുന്ന അധിക തുക (വയബിലിറ്റി ഗ്യാപ്പ് ഫണ്ട്) പദ്ധതി വച്ച് അതാത് തദ്ദേശസ്ഥാപനങ്ങൾ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നൽകണം.

എന്നാൽ പഞ്ചായത്ത് പണി കഴിപ്പിച്ചിട്ടുള്ള ടേക് എ ബ്രേക്ക് ടോയ്ലറ്റ് യൂണിറ്റുകളുടെ നടത്തിപ്പ്/പരിപാലന ചുമതല മേൽ പറഞ്ഞ പ്രകാരം കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിച്ച് നൽകുന്നതിന് പഞ്ചായത്ത് തയ്യാറായിട്ടില്ല. നിലവിൽ ഇവ പരിപാലനമില്ലാതെ അനാഥമായി കിടക്കുന്ന സ്ഥിതിയാണ്. ഇക്കാരണത്താൽ പഞ്ചായത്തിൽ വൃത്തിയും ശുചിത്വവുമുള്ള ഉയർന്ന നിലവാരമുള്ള പൊതു ശുചിമുറി സ്ഥാപിക്കുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. സർക്കാർ നിഷ്കർഷിച്ച പ്രകാരം ശുചിമുറികളുടെ പരിപാലനത്തിന് ക്രമീകരണം ചെയ്യാതിരുന്നത് വീഴ്ചയാണ്.



7.68 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ആസ്തി ഇപ്രകാരം പ്രയോജനപ്രദമാകാതെ കിടക്കുന്നത് ഓഡിറ്റ് എൻക്വയറിമൂലം (നം.32/17-10-2024) അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അടിയന്തിരമായി ശൗചാലയം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ആസ്തി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനുള്ള ക്രിയാത്മക നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

1-27 പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)നം.84/2022/തസ്വഭവ, തീയതി 19/04/2022] ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടിക്രമങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോണിട്ടറിംഗ് കമ്മിറ്റിയ്ക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകാവുന്നതുമാണ്. എന്നാൽ 2023-24-ൽ നടപ്പിലാക്കിയ പദ്ധതികളിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ മാത്രമാണ് ഇത്തരത്തിലുള്ള മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതികൾ ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ച് പ്രാദേശിക തലത്തിൽ വിലയിരുത്തൽ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-28 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവഹണം നടത്തിയ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് മുൻകൂർ തുക നൽകി ഒരു വർഷത്തിനു ശേഷവും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	ബിൽ നം./തീയതി	കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ തുക	ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് (തുക)
S0009/24 പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്നു വാങ്ങൽ	23050852014700539979/ 12.09.2023	400000	188323

അവശേഷിക്കുന്ന മരുന്ന് ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം (പ്രോജക്ട് നം.28/24) മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് മുൻകൂറായി 1,50,000 രൂപ നൽകിയിരുന്നു (ബിൽ നം.23050852015001019826/04.01.2024). എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ.

1-29 പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

പദ്ധതി	S0098/24 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണ ധനസഹായം
അടങ്കൽ	800000 (വികസനഫണ്ട്-എസ്.സി.പി)
ചെലവ്	240000 (വികസനഫണ്ട്-എസ്.സി.പി)
ബിൽ നം./ചെക്ക് നം./തീയതി	23050852019001000427/29.12.2023 – ₹ 90000

	23050852019001013775/03.01.2024 – ₹ 30000 23050852019001049739/10.01.2024 – ₹ 60000 23050852019001060219/11.01.2024 – ₹ 60000

അർഹരായ 4 ഗുണഭോക്താക്കൾക്ക് 200000 രൂപ വീതം ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. കരാർ തീയതി മുതൽ 45 ദിവസത്തിനകം നിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് കരാർ ചമച്ചിട്ടുണ്ടെങ്കിലും ഒരാൾ മാത്രമാണ് 2023-24 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കിയത്. 2023-24-ൽ ആദ്യ ഗഡുക്കൾ കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താക്കളുടെ പേര്, വിലാസം	2023-24-ൽ കൈപ്പറ്റിയ തുക
1	നന്ദു എം.എസ്., മൈലമൺ എസ് എൻ കോളനി, കുന്നന്താനം	90000
2	മന്യ മനോജ്, മാളവിക സദനം, മുക്കട കോളനി, മാന്താനം	30000
3	അനന്തു വിജയൻ, വള്ളോക്കുന്ന്, പാലയ്ക്കാത്തകിടി, കുന്നന്താനം	30000

ടിയാളുകളുടെ പഠനമുറി നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.04/09.10.2024) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഒരു ഗുണഭോക്താവ് (ക്രമ നം.1) നിലവിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. മറ്റ് രണ്ട് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-30 ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പൊതു വിഭാഗം ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായ 3 പേരും, പട്ടികജാതി വിഭാഗം പദ്ധതിയുടെ ഗുണഭോക്താക്കളായ 2 പേരും ആദ്യഗഡു തുകകൾ കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

ക്രമ നം.	ഗുണഭോക്താക്കളുടെ വിവരം	ആകെ കൈപ്പറ്റിയ ധനസഹായം	അവസാന ഗഡു കൈപ്പറ്റിയ തീയതി	നിർവ്വഹണം പൂർത്തിയായ ഘട്ടം
	38/24 -ലൈഫ് ഭവന പദ്ധതി (ജനറൽ)			
1.	ലീലാമ്മ, വാഴയ്ക്കാകുന്നിൽ	3,00,000	26.03.2024	മേൽക്കൂര
2.	തുളസി വി.വി., പാലക്കാത്തകിടി	2,00,000	24.03.2024	ലിന്റൽ
3.	സരസമ്മ, പാലയ്ക്കൽ	40,000	23.12.2023	ബേസ്മെന്റ്
	52/24 -ലൈഫ് ഭവന പദ്ധതി (എസ്.സി.പി.)			
1	സുനിത കെ.ആർ., മാറ്റക്കാട്ടുകുഴിയിൽ	2,00,000	24.03.2024	ലിന്റൽ
2.	ലതികമ്മ എം.	3,00,000	28.06.2024	റൂഫ്

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം നടത്തിയതിന്റെ വിവരവും, ഭവന നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥയും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/09.10.24) മറുപടിയായി എല്ലാ ഗുണഭോക്താക്കളുടെയും വീട് നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് നിർവഹണദ്യോഗസ്ഥൻ മറുപടി നൽകി. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി ആവസാന ഗഡു കൈപ്പറ്റുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-31 വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്നവർ ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

ക്രമ നം.	ഗുണഭോക്താക്കളുടെ പേര്	ആകെ കൈപ്പറ്റിയ ധനസഹായം	കൈപ്പറ്റിയ തീയതി	നിർമ്മാണ ഘട്ടം
	32/24 – വീട് വാസയോഗ്യമാക്കൽ (ജനറൽ)			
1	മറിയക്കുട്ടി ചാക്കോ, തേക്കണംപൊയ്കയിൽ	25,000	25.03.024	മുൻകൂർ
2	ഓമന, പാറനാട്ടു വീട്	25,000	25.03.2024	മുൻകൂർ
3	മറിയാമ്മ ജോർജ്, മറ്റത്ത്വടക്കെതിൽ	25,000	11.12.2023	മുൻകൂർ
	35/24 – വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.)			
1	സുശീലൻ പി.ആർ., പുന്നമണ്ണിൽ	50,000	01.12.2023	മുൻകൂർ
2	ഓമനക്കുട്ടൻ സി.എം., ചാലുങ്കമലയിൽ	50,000	24.03.2024	മുൻകൂർ
3	ആര്യമോൾ, വെള്ളംപോയ്കയിൽ	50,000	24.03.2024	മുൻകൂർ
4	രാജമ്മ, മൈലമണ്ണിൽ	50,000	24.03.2024	മുൻകൂർ

ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം നടത്തിയതിന്റെ വിവരവും വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/09.10.24) മറുപടിയായി എല്ലാ ഗുണഭോക്താക്കളുടെയും ഭവന പുനരുദ്ധാരണം ഈ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് നിർവഹണദ്യോഗസ്ഥൻ മറുപടിനൽകി.

1-32 വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ നിശ്ചയിച്ചിരുന്ന പല പദ്ധതികളും നടപ്പാക്കാനായിട്ടില്ല

2023-24 സാമ്പത്തിക വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന പല പ്രധാനപ്പെട്ട പദ്ധതികളും നടപ്പാക്കാനായിട്ടില്ല. ആകെ വകയിരുത്തിയ 3,69,07,974 രൂപയിൽ 1,35,63,719 രൂപ മാത്രമാണ് ചെലവഴിക്കാനായത് (ചെലവ് ശതമാനം 36.75%). നടപ്പിലാക്കാത്തതും, ഭാഗീകമായി മാത്രം നടപ്പിലാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ഫണ്ടിനം	വകയിരുത്തിയ തുക	ചെലവ്
1	188	ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോകമ്പോസ്റ്റർ ബിൻ വാങ്ങി നൽകൽ	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	3,45,760	0
2	193	ഹരിത കർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	50,000	0
3	194	193 ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീ നൽകൽ	തനത് ഫണ്ട്	54,000	0
4	139	ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ (എസ്.സി.) – SO	ജില്ലാ പഞ്ചായത്ത് വിഹിതം	2,25,000	0
6	62	ദ്രവ മാലിന്യ സംസ്കരണത്തിനായി സോക്പിറ്റ് നിർമാണം	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	4,00,000	0
7	49	വനിതകൾക്ക് ഓട്ടോറിക്ഷാ വാങ്ങി നൽകൽ	വികസന ഫണ്ട് (ജനറൽ)	4,50,000	0
8	175	ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	2,71,500	0
9	190	ടോയ്ലറ്റ് റിട്രോഫിറ്റിംഗ്	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	8,80,000	10,000
10	60	ടോയ്ലറ്റ് നിർമ്മാണം വ്യക്തിഗതം	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	5,69,800	61,600
11	41	കിണർ ശുചിത്വകിണറാക്കൽ ജനറൽ	ധനകാര്യ കമ്മിഷൻ ഗ്രാൻഡ്	2,40,000	32,000

മാലിന്യ നിർമ്മാർജനം, ശുചിത്വം എന്നീ അടിയന്തിര പ്രധാന്യമുള്ള പദ്ധതികൾ നടപ്പാക്കാതിരുന്നതിന് കാരണം

വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/09.10.24) മറുപടിയായി ക്രമ നമ്പർ 1, 8 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ക്രമ നമ്പർ 9-ന് അഡീഷണൽ ലിസ്റ്റ് അവശ്യപ്പെട്ടിട്ടുണ്ടെന്നും നിർവഹണദ്യോഗസ്ഥൻ മറുപടി നൽകി. വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, വകയിരുത്തുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഫലപ്രദമായ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

1-33 ഭൂരിഭാഗം മരാമത്ത് പ്രവർത്തികളും നടപ്പാക്കാനായില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കാൻ നിശ്ചയിച്ചിരുന്ന ഭൂരിഭാഗം (40 പ്രവർത്തികൾ) പ്രവർത്തികളും നടപ്പാക്കാനായില്ല. വിഭാവനം ചെയ്ത 79 പദ്ധതികളിൽ 39 എണ്ണം മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ വകയിരുത്തിയ 2,48,27,925 രൂപയിൽ 90,65,080 രൂപ മാത്രമാണ് ചെലവഴിച്ചത് (ചെലവ് ശതമാനം 36.51%). റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിങ് മറ്റു നിർമ്മാണ പ്രവർത്തികൾ എന്നിങ്ങനെ പഞ്ചായത്തിലെ വിവിധങ്ങളായ വികസന പ്രവർത്തനങ്ങളാണ് ഇത് മൂലം തടസ്സപ്പെട്ടത്. പൊതുമരാമത്ത് മേഖലയിൽ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും, ഭൂരിഭാഗവും നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നത്, പ്രോജക്ട് ആവിഷ്കരിക്കുന്നതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാനാവാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു.

വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാതെ വന്നതിനു കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/14.10.24) മറുപടിയായി ടാറിങ്, റീടാറിങ് കോൺക്രീറ്റിങ് പ്രവർത്തികളിൽ ടെൻഡർ, റീടെൻഡർ ക്വട്ടേഷൻ നടപടികൾ നടത്തിയെങ്കിലും കരാറുകാരുടെ നിസ്സഹകരണം കാലതാമസ്സമുണ്ടാക്കി എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കി വകയിരുത്തിയ വിനിയോഗിക്കുന്നതിനും, ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം വികസന സ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടർ ചെയ്യേണ്ടതാണ്.

1-34 ദുരിതാശ്വാസ നിധി നിർജ്ജീവം

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുള്ളതും ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി കേരള ഗ്രാമീൺ ബാങ്കിന്റെ കുന്നന്താനം ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ചട്ട പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചെങ്കിലും ആയത് സജീവമായി പ്രവർത്തിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 3963 രൂപയാണ് അക്കൗണ്ടിലെ ബാലൻസ് തുക. ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇത് കാരണം അടിയന്തിര ധനസഹായം ആവശ്യമായ വ്യക്തികൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച്, ഗ്രാമപഞ്ചായത്തിലെ നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-35 വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24-ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ ബാങ്ക്, ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി വ്യക്തമായി. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം. 27/16-10-2024). ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഇനം	31.03.2024-ലെ നീക്കിയിരിപ്പ് തുക	ലഭ്യമാക്കിയ മറുപടി
ജലനിധി	654825	ജലനിധി പദ്ധതി പ്രവർത്തനം അവസാനിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വിഹിതവും നൽകിയിട്ടുള്ളതാണ്. ആയതിനാൽ ബാലൻസ് തുക പഞ്ചായത്ത് ഫണ്ടായി പരിഗണിച്ച് മുതൽ കൂട്ടുന്നതാണ്.
ICDS കേന്ദ്ര വിഹിതം	1889596	തുക തുടർന്നുള്ള വർഷങ്ങളിൽ ചെലവഴിക്കുന്നതാണ്.
ശുചിത്വ മിഷൻ ഫണ്ട്	45466	അവശേഷിക്കുന്ന തുക 2024-25 സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണ്.
LIFE സംസ്ഥാന വിഹിതം	763103	ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിൽ കാലതാമസം വരുത്തുന്നതിനാലാണ് ഫണ്ട് 2023-24 സീമ്പത്തിക വർഷം ചെലവഴിക്കാതിരുന്നത്.
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	6616872	പദ്ധതികൾ സ്പിൽ ഓവറായി 2024-25 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.
ദേശീയ ആരോഗ്യ ദൗത്യം (ആയുഷ് ഗ്രാന്റ്)	500000	2024-25 വർഷം 4,50,000 രൂപ ചെലവഴിച്ചു.
ഹെൽത്ത് ഗ്രാന്റ്	1061951	പദ്ധതികൾ സ്പിൽ ഓവറായി 2024-25 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.
നബാർഡ്	68000	2019-20 വർഷം അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായ ടെണ്ടർ സേവിംഗ്സാണ്.
ബ്ലോക്ക് വിഹിതം	47000	തുക വിനിയോഗിച്ചിട്ടുള്ളതാണെന്നും 2024-25 വർഷം ക്രമവൽക്കരിക്കുന്നതാണ്.
ആകെ	**11646813**	

പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന ഗ്രാന്റിനങ്ങൾ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം പൊതുജനത്തിന് പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ളത്. കുടുംബശ്രീ അക്കൗണ്ടിലുള്ള തുക അഗതി രഹിത കേരളം പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണ്. ലഭിക്കുന്ന ഗ്രാന്റുകൾ യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നും പദ്ധതി ലക്ഷ്യം നിറവേറുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. ഭരണ സമിതിയുടേയും ഉദ്യോഗസ്ഥരുടേയും ആത്മാർത്ഥമായ പരിശ്രമം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-36 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം; പദ്ധതികളുടെ പ്രയോജനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നില്ല

കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിൽ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നുണ്ട്. 2019-20 മുതൽ 2023-24 വരെ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കിയതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ, വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല.

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	വർഷം	ഏജൻസി	തുക (₹)	വിനിയോഗ സാകഷ്യപത്രം ലഭിച്ചത് (₹)	തിരികെ ലഭിക്കാനുള്ള തുക (₹)
1	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0032/20)	2019-20	KSEB	4,05,915	ഇല്ല	--
2	ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി (S0190/21)	2020-21	KWA	19,82,187	,,	--

3	ജലജീവൻ മിഷൻ പദ്ധതി ബാക്കി തുക അടവാക്കൽ (S0142/22)	2021-22	,,	10,01,072	,,	--
4	നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ മെയിൻറനൻസ് (S0174/23)	2022-23	KSEB	56,414	,,	--
5	പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0184/23)	,,	KSEB	1,28,030	,,	--
6	പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0148/24)	2023-24	,,	198,240	,,	--
7	ഇളപ്പുങ്കൽ സ്റ്റേഡിയത്തിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0111/24)	,,	,,	44,944	,,	--
8	എം.സി.എഫിൽ ക്യാമറ സ്ഥാപിക്കൽ (S0199/24)	,,	PWD	55,000	,,	പ്രവൃത്തി ആരംഭിച്ചില്ല

നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ, പദ്ധതിയിൽ വിഭാവനം ചെയ്ത നേട്ടങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാകാത്ത സ്ഥിതിയാണുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/2023-24, തീയതി: 16-10-2024), പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-37 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടികളുടെ എണ്ണം	21
സ്വന്തമായി കെട്ടിടമുള്ളവ	19
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	2
ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഉള്ളവ	3
വൈദ്യുതി കണക്ഷൻ ഉള്ളവ	21
ചുറ്റുമതിൽ ഉള്ളവ	11

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 21 അങ്കണവാടികളിൽ 19 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്. എല്ലാ അങ്കണവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ 11 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് ചുറ്റുമതിൽ, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കാനുള്ള സാദ്ധ്യത സംബന്ധിച്ച വിഷയത്തിൽ ജനപ്രതിനിധികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ചില അങ്കണവാടികൾക്ക് ഫർണ്ണിച്ചർ, ധാന്യസംഭരണികൾ എന്നിവ ആവശ്യമുള്ളതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

19.04.2022-ലെ സ.ഉ.(കൈ)84/2022/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

1-38 മുറ്റത്തൊരു മീൻതോട്ടം പദ്ധതി -അപാകങ്ങൾ

പദ്ധതിയുടെ പേര്/നമ്പർ	S0097/24 – മുറ്റത്തൊരു മീൻതോട്ടം (ജനറൽ)
അടങ്കൽ തുക	120000 (വികസന ഫണ്ട്) 180000 (മറ്റുള്ളവ)

ചെലവ് തുക	120000 (വികസന ഫണ്ട്)
ബിൽ നം./തീയതി	23050852020701027633/05.01.2024

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 വർഷം നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും ആക്ട് 2010 പ്രകാരമുള്ള രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന്, നിർവ്വഹണ ഉദ്യോഗസ്ഥയും ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാറിന്റെ മൂന്നാമത്തെ നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അക്വാകൾച്ചർ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.
2. കുളം നിർമ്മിക്കൽ തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിലെ ഖ.6.4(13A)-യിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല.
3. 14-ാം പദ്ധതി മാർഗ്ഗരേഖ ഖ: 6.4-ന്റെ 13 A-7 പ്രകാരം മത്സ്യകൃഷിയെ ഫിഷറീഷ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കിയില്ല.
4. നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16-ലും നിഷ്കർഷിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഡിറ്റ് വർഷം ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.23/15.10.2024). തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം കുഴിക്കുകയാണെങ്കിൽ സബ്സിഡി തുകയിൽ കുറവ് വരുന്നതുകൊണ്ട് ഗുണഭോക്താക്കൾ പിൻമാറുകയാണെന്ന് അറിയിച്ചതിനാലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഗുണഭോക്താക്കളുടെ തീരുമാനം അംഗീകരിക്കുകയാണ് ഉണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. മത്സ്യകൃഷിയ്ക്ക് ഇൻഷ്വറൻസ് എടുക്കുന്നതിനുള്ള നടപടികളും, പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ അക്വാകൾച്ചർ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ എടുക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്നും, അടുത്ത സാമ്പത്തിക വർഷം മുതൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-39 ഹരിതകർമസേന പ്രവർത്തനവലോകനം

പഞ്ചായത്ത് പ്രദേശത്തെ മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 219 (എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം നിർവ്വചിച്ചിട്ടുണ്ട്. കൂടാതെ ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കേണ്ടതിന്റെ അവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുക എന്ന ഉത്തരവാദിത്തം ഒരു വെല്ലുവിളിയായി പഞ്ചായത്ത് ഏറ്റെടുത്തിരിക്കുകയാണ്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ**' എന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 07.06.2024 ലെ ഡി.കെ.എസ്.എ.47/സി.എ.ആർ.3/2004 കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

കുന്നന്താനം ഗ്രാമപഞ്ചായത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി, ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/07.10.2024) പഞ്ചായത്ത് സമർപ്പിച്ച വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിശകലനം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 20573 ആളുകൾ താമസിക്കുന്നുണ്ട്. ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന 5727 വീടുകളും 339 വാണിജ്യ സ്ഥാപങ്ങളുമാണുള്ളത്. 2022-23, 2023-24 സാമ്പത്തിക

വർഷങ്ങളിലായി 1,86,870 രൂപ ചെലവഴിച്ച് വീടുകളിലും വാണിജ്യ സ്ഥാപങ്ങളിലും 'QR Scan Code' പതിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷക്കാലയളവിൽ ഹരിതകർമ്മ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പ്രോജക്ട് നം./പേര്	അടങ്കൽ	ചെലവ്
2020-21	ഹരിതകർമ്മസേനക്ക് ധനസഹായം (152/2021)	100000	12566
	ഹരിതകർമ്മസേനക്ക് സുരക്ഷാ ഉപകരണങ്ങൾ (218/21)	51000	7880
	ഹരിതകർമ്മസേനക്ക് ഐ.ഇ.സി.പ്രവർത്തനങ്ങൾ (219/21)	51000	5100
2021-22	ഹരിതകർമ്മസേനക്ക് വാഹന വാടക (86/2022)	50000	24026
	വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (119/2022)	15000	15000
	ഹരിതകർമ്മസേനക്ക് ഐ.ഇ.സി.പ്രവർത്തനങ്ങൾ (121/2022)	45900	44869
2022-23	ഹരിത കർമ്മസേനക്ക് വാഹന വാടക (78/23)	25000	21995
	ഹരിതകർമ്മസേനക്ക് യൂണിഫോം, സുരക്ഷ ഉപകരണങ്ങൾ (2/2023)	50000	34500
2023-24	ലെഗസി മാലിന്യം നീക്കം ചെയ്യൽ തുക നൽകൽ (108/24)	100000	52980

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും, ഷെഡ്യൂൾ പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന വീടുകളിലും വാണിജ്യ സ്ഥാപങ്ങളിലും QR കോഡ് പതിപ്പിക്കുന്ന നടപടികൾ പൂർത്തീകരിച്ചു വരുന്നു 223 വീടുകളിൽക്കൂടി QR കോഡ് പതിപ്പിക്കാനുണ്ട്.എല്ലാ പൊതുപരിപാടികളിലും ഹരിതകർമ്മ സേനയെക്കുറിച്ചും മാലിന്യ സംസ്കരണത്തെകുറിച്ചും ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

നിലവിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നില്ല. ഗ്രാമീണ മേഖലയിലുള്ള പഞ്ചായത്തായതിനാൽ ജൈവമാലിന്യങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്ന് ഹെൽത്ത് ഇൻപെക്ടർ അറിയിച്ചു.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

വ്യാപാരി വ്യവസായികൾ, സ്കൂൾ കുട്ടികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. മാലിന്യ മുക്ത നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി ശുചിത്വ സമിതി യോഗങ്ങൾ, വ്യാപാരികളുടെ യോഗങ്ങൾ, കുട്ടികളുടെ ഹരിതസഭ, ആശാ പ്രവർത്തകാരുടെ യോഗങ്ങൾ എന്നിവയും സോഷ്യൽ ഓഡിറ്റുകളും നടത്തി വരുന്നു. മാലിന്യ സംസ്കാരണവുമായി ബന്ധപ്പെട്ട പദ്ധതികളിലെ പ്രോജക്ട് ഗ്യാപ്പുകൾ കണ്ടെത്തുന്നതിനായി പ്രോജക്ട് ഇവന്റ് ക്ലിനിക് നടത്തുകയുണ്ടായി, ഒക്ടോബർ രണ്ടിന് നടപ്പാക്കേണ്ട സ്വച്ചതാ-ഹി-സേവ ക്യാമ്പയിന് വേണ്ടി വാർഡുതല പ്രവർത്തനങ്ങൾക്കായി വിശദീകരണം യോഗം ചേർന്നു. ശിശുദിനത്തോട് അനുബന്ധിച്ച് കുട്ടികൾക്കുള്ള ബോധവൽക്കരണ പരിപാടികളും നടത്തി.

6. തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മ സേനയുടെ ഭാഗമായി 15 വാർഡുകളിലായി നിലവിൽ 30 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി 7000 രൂപാ നിരക്കിലാണ് പ്രതിഫലം ലഭിക്കുന്നത്. ഓരോ വാർഡിലെയും യൂസർഫീസ് പിരിക്കുന്നതിലെ വ്യത്യാസമനുസരിച്ചും, സേനാംഗങ്ങൾ മാലിന്യശേഖരണം, തരംതിരിക്കൽ എന്നിവയിൽ ഏർപ്പെട്ടതിന്റെ ഹാജരിന്റെ അടിസ്ഥാനത്തിലും പ്രതിഫലത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഭവനങ്ങളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണത്തിലേക്ക് വ്യാപിപ്പിക്കുന്നത് വഴി കൂടുതൽ തൊഴിലവസരങ്ങളും, സേനാംഗങ്ങൾക്ക് ഉയർന്ന വേതനവും ഉറപ്പാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധി കുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും സ്ഥിര വരുമാനം ഉറപ്പാക്കാനായിട്ടുണ്ട്.

7. അടിസ്ഥാന സൗകര്യ വികസനം

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു എം.സി.എഫ്, 24 മിനി എം.സി.എഫ്,

എന്നിവയാണുള്ളത്. ഹരിതകർമ്മസേനയ്ക്ക് മാലിന്യ നീക്കത്തിന് സ്വന്തമായി ഇലക്ട്രിക് വാഹനം വാങ്ങി നൽകിയിട്ടുണ്ട് എങ്കിലും കയറ്റിറക്കങ്ങൾ നിറഞ്ഞതും ഇടുങ്ങിയതുമായ ഗ്രാമീണ റോഡുകളുള്ള പഞ്ചായത്തിൽ ഈ വാഹനം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വാഹനം നിലവിൽ മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്നില്ല. മാലിന്യ സംഭരണത്തിനായി പിക്ക് അപ്പ് വാൻ വാടകയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സൗകര്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

8. പാരിസ്ഥിതിക ആഘാതം

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിനും 24.03.2023-ലെ ഡബ്ല്യു.എം.1/37/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പിഴ ഈടാക്കുന്നുണ്ട്. ഇത്തരത്തിൽ 2023-24 വർഷം പിഴ ഈടാക്കിയിയിട്ടില്ല.

9. പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിനും, തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കുന്നതിനും, കാലാകാലങ്ങളിൽ ക്ലീൻ കേരള കമ്പനി റിസോഴ്സ് പേഴ്സൺ വഴി പരിശീലനങ്ങൾ നല്കി വരുന്നുണ്ട്. സ്മാർട്ട് ഗാബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി കെൽട്രോണിൽ നിന്നുള്ള പരിശീലനവും നൽകിയിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ മാനദണ്ഡങ്ങൾ പാലിച്ചാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം നടക്കുന്നത്.

11. ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

എല്ലാ മാസവും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള അവലോകന യോഗത്തിൽ വാർഡ് മെമ്പർമാർ, കൺസോർഷ്യം ഭാരവാഹികൾ എന്നിവർ വാർഡ് തലത്തിൽ സേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും വാർഡിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു. കൃത്യമായ മോണിറ്ററിംഗ്, ഹരിതകർമ്മസേനയുടെ കാര്യക്ഷമത ഉയർത്താൻ സഹായിച്ചിട്ടുണ്ട്.

1. അടിസ്ഥാന വിവരങ്ങൾ

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ ഒരു എം.സി.എഫ് പ്രവർത്തിക്കുന്നു. ഹരിതകർമ്മസേനാംഗങ്ങൾ 24 മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എംസി.എഫിൽ എത്തിക്കുകയും തുടർന്ന് തരംതിരിക്കൽ നടത്തുകയുമാണ് ചെയ്യുന്നത്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള തുമ്പൂർമൂഴി മോഡൽ സംസ്കരണ കേന്ദ്രങ്ങൾ ഒന്നു മാർക്കറ്റിലും രണ്ടാമതൊന്ന് പഞ്ചായത്ത്കമ്മ്യൂണിറ്റി ഹാളിന് സമീപവും ഉണ്ട് എങ്കിലും നിലവിൽ ഇവ മാലിന്യം സംസ്കരിക്കുന്നതിനുപയോഗിക്കുന്നില്ല. അജൈവമാലിന്യങ്ങൾ ക്ലീൻകേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടുപോകുന്നുണ്ട്. എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് . ശുചീകരണമുറി, ഓഫീസ് സൗകര്യം എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. വൈദ്യുതി, കുടിവെള്ള സൗകര്യങ്ങൾ എം.സി.എഫിൽ ഒരുക്കിയിട്ടുണ്ട്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്ന് പാഴ് വസ്തുക്കൾ MCF-ലേക്ക് ഹരിത കർമ്മ സേന കൈമാറ്റം ചെയ്യുന്നതിന്റെ കാര്യക്ഷമത പഞ്ചായത്ത് തലത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം വഴി ദൈനംദിന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണശേഷി

വാസഗൃഹങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിനും ആനുപാതികമായുള്ള മാലിന്യ സംഭരണ ശേഷി ഉറപ്പാക്കാൻ നടപടിസ്വീകരിച്ചിട്ടില്ല.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

പാഴ്വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി തസ്വഭവ ഡയറക്ടറുടെ വിവിധ സർക്കുലറുകളിൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 02.02.2022 തീയതിയിലെ നം.ഡബ്ല്യു.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം

എം.സി.എഫുകളിൽ സ്ഥാപിക്കേണ്ട ക്രമീകരണങ്ങൾ പൂർണമായി പഞ്ചായത്തിലെ എം.സി.എഫിൽ നിലവിലില്ല.

5. ശുചിത്വ മാനദണ്ഡങ്ങൾ

എം.സി.എഫ്. പരിസരം വൃത്തിയാക്കി സൂക്ഷിച്ചു വരുന്നു . വൃത്തിഹീനമായ പരിസരം എലിപ്പനി, ഡെങ്കിപ്പനി പോലെയുള്ള സാംക്രമിക രോഗങ്ങളുടെ വ്യാപനത്തിന് കാരണമാകാം. പരിസരം ശുചിയായി സൂക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. അജൈവ മാലിന്യങ്ങൾ തരം തിരിച്ചവയും, തരംതിരിക്കാത്തവയും പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

6. യഥാസമയം മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്

ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ നം.ഡി.സി.1/282/20/തസ്വഭവ തീ. 29-07-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച്, ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. 2023-24 വർഷം ക്ലീൻ കേരള കമ്പനിക്ക് കിലോഗ്രാം ലെഗസി വേസ്റ്റ് കൈമാറിയ വകയിൽ 1,76,036 രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറിയ വകയിൽ 70,323 രൂപ ക്ലീൻകേരള കമ്പനിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

7. യൂസർ ഫീസ് പിരിവ്

ഹരിതകർമ്മ സേനയുടെ യൂസർ ഫീസായി വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് കളക്ട് ചെയ്യുന്നത്. ഹരിതകർമ്മ സേന കൺസോർഷ്യത്തിനുവേണ്ടി കേരള ബാങ്കിൻറെ കുന്നന്താനം ശാഖയിലെ 119112301030392-ാം നമ്പർ അക്കൗണ്ടിലൂടെയാണ് ഇടപാടുകൾ നടത്തുന്നത്. യൂസർഫീസിന്റെ 10% കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ നിലനിർത്തി, ബാക്കി തുക അംഗങ്ങളുടെ മാലിന്യ ശേഖരണത്തിന്റെയും തരംതിരിക്കലിന്റെയും പ്രവർത്തനങ്ങളിലെ ഹാജരിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുകയാണ് ചെയ്യുന്നത്. 31.03.2023-ലെ സ.ഉ.(സാധാ)നം.789/2023/തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീസ് നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ സാധ്യത പഞ്ചായത്ത് പരിഗണിച്ചിട്ടില്ല.

പരിമിതികൾക്കിടയിലും ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് വഴിയും മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നത് വഴിയും മാലിന്യ നിർമാർജ്ജനത്തെ പുതിയ തലത്തിലെത്തിക്കാൻ ഹരിത കർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യഘടകമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- യൂസർ ഫീസ് കുടിശ്ശിക സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ് . യൂസർ ഫീസ് പിരിവ് 100% ആകുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി പിരിച്ചെടുക്കാൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനവും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്കും വഴിയൊരുക്കും.
- മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ, കമ്പോസ്റ്റ് കുഴി എന്നീ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്ന വേളയിൽ മാലിന്യസംസ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച ശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ സിസിടിവി സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- 25.05.2024ലെ സ.ഉ.(സാധാ)നം.912/2024/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തന നടപടി ക്രമങ്ങളുടെ മാതൃകയിൽ എം.സി.എഫിന്റെ പ്രവർത്തനം നടപ്പാക്കേണ്ടതാണ്
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

- ഹരിത കർമ്മസേനാംഗങ്ങളുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതിരൂപീകരിക്കാവുന്നതാണ്.
- ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 96,600 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. ഈ ഇനത്തിൽ 96,600 രൂപയുടെ നഷ്ടം സർക്കാർ ഖജനാവിന് ഉണ്ടായിട്ടുള്ളതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടത്.

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള ഏത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/15-10-2024), മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. മുൻ റിപ്പോർട്ടിൽ പരാമർശ വിഷയമാക്കിയിട്ടും നടപടി സ്വീകരിക്കാതിരുന്നതിനാലാണ് വീണ്ടും ഇത്തരത്തിൽ അധികം തുക നൽകാനിടയായത്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കാളുടെ മരണശേഷം അധികമായി അനുവദിച്ച ക്ഷേമപെൻഷൻ തുകയായ 96,600 രൂപ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ, മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ അവരുടെ അനന്തരവകാശികളിൽനിന്നോ തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 1-21 കാണുക).

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	4,00,000	ലൈഫ് ഭവന പദ്ധതി-പട്ടികജാതി (S0052/24)	4,00,000	ഇല്ല
,,	1,40,000	ലൈഫ് ഭവന പദ്ധതി-ജനറൽ (S0038/24)	1,40,000	,,
,,	1,54,000	നെൽകൃഷി വികസനം (S0018/24)	1,54,000	,,
മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്	11,00,000	ലൈഫ് ഭവന പദ്ധതി-പട്ടികജാതി (S0052/24)	11,00,000	ഇല്ല
,,	9,60,000	ലൈഫ് ഭവന പദ്ധതി-ജനറൽ (S0038/24)	9,60,000	,,
,,	2,00,000	നെൽകൃഷി വികസനം (S0018/24)	2,00,000	,,
,,	3,13,000	മൈലമൺ എസ്.സി. കോളനി കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം (S0150/24)	3,13,000	,,
,,	49,644	അങ്കണവാടി അന്നപൂരക പോഷകാഹാര പദ്ധതി (S0003/24)	49,644	,,
,,	1,40,000	ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0004/24)	1,40,000	,,
,,	48,049	അതിദാരിദ്ര്യ നിർമ്മാർജ്ജനം- ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകൽ (S0061/24)	48,049	,,

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം ചെലവ്	നീക്കിയിരിപ്പ്
1	പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0148/24)	KSEB	1,98,240	ഇല്ല	1,98,240
2	ഇളപ്പുങ്കൽ സ്റ്റേഡിയത്തിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0111/24)	,,	44,944	,,	44,944
3	എം.സി.എഫിൽ ക്യാമറ സ്ഥാപിക്കൽ (S0199/24)	PWD	55,000	,,	55,000

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിട്ടില്ല. എന്നിരുന്നാലും 2023-24 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 3,76,643 രൂപ റിക്കവറി ഇനത്തിൽ സർക്കാർ ഈടാക്കിയിട്ടുണ്ട് (ഭാഗം-1-4 കാണുക)

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി
2016-17	3-8	4000	ശ്രീമതി രാജമ്മ വി.കെ. ഹെഡ്മിസ്ട്രസ്	1230301709/ 24-02-2024
2019-20	1-17	15000	ശ്രീമതി സെയ്ഫുന്നീസ, വി.ഇ.ഒ.	1230302238/ 12-03-2024

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98		1999-2000	IV:3-6(എ)	കുടിൽ വ്യവസായ പദ്ധതിയിൽ പാഴ്ചെലവ്	ശ്രീ ഐ.കെ. സജിക്ക് എതിരെയുള്ള ജപ്തി നടപടികൾ തള്ളിക്കളഞ്ഞും, ആർ.ആർ നടപടികൾ തടഞ്ഞും മുൻസിഫ് കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതായി 23/11/22-ലെ കത്ത് പ്രകാരം തിരുവല്ല തഹസീൽദാർ അറിയിച്ചതായി ഗ്രാമപഞ്ചായത്ത് മറുപടി നൽകി.
1998-99		1999-2000	IV:3-6(ബി)	മരാമത്ത് പണി- മൂല്യ നിർണ്ണയത്തേക്കാൾ അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.	1,2,3,4/38119 നമ്പർ രസീതുകൾ പ്രകാരം 22496 രൂപ തിരിച്ചടച്ചതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു.
2014-15	2(2)	2016-17	2 (2) (1) 2 (2) (1)	തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കൃത്യതയില്ല നികുതി ഡിമാന്റ് ചെയ്തിട്ടില്ല	പരാമർശം തീർപ്പാക്കിയിട്ടില്ല.
2015-16	2(3)	2016-17	2 (3)	തൊഴിൽ നികുതി	പരാമർശം തീർപ്പാക്കിയിട്ടില്ല.

4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,49,27,437	9,42,30,529

(മുന്നിരിപ്പ് ഉൾപ്പെടെ)		
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	3,72,61,104	8,78,73,358
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	--
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)	96,600	--
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല	--

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-21	--	96,600	ശ്രീ. മുജീബ് റഹ്മാൻ കെ.എം. സെക്രട്ടറി

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. മുജീബ് റഹ്മാൻ കെ.എം; സെക്രട്ടറി	സെക്രട്ടറി, കുന്നന്താനം ഗ്രാമപഞ്ചായത്ത്	ബദരിയ ഹൗസ് കണ്ടച്ചിറ മുക്ക്, കൊട്ടിയം പി.ഒ, കൊല്ലം-691571

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01	അദാലത്ത് റിപ്പോർട്ട് - കെ.എസ്.എ.പി.റ്റി.എ. - പി1-820(6)/2022 തീയതി 19.09.2022	6 ഖണ്ഡികകൾ 16, 17, 18, 19, 20. 21
2003-04	"	1 ഖണ്ഡികകൾ (3-8)
2008-09	"	1 ഖണ്ഡികകൾ (3-20)
2010-11	"	4 ഖണ്ഡികകൾ 3-20[2,3,4,5]
2011-12 & 2012-13	"	8 ഖണ്ഡികകൾ 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18(2)
2013-14	"	4 ഖണ്ഡികകൾ 2-1, 2-3, 3-2, 3-4
2014-15	"	2 ഖണ്ഡികകൾ 2-1, 2-2-11
2015-16	"	1 ഖണ്ഡികകൾ 2-3
2016-17	"	4 ഖണ്ഡികകൾ, 2-3, 3-8, 3-15, 2-16

2017-18	”	13 ഖണ്ഡികകൾ, 1-13, 2-5, 2-6 എ, ബി, സി, 2-10, 3-4, 3-5, 3-6, 3-7, 3-8, 3-14, 3-16
2018-19	**റെക്ടിഫിക്കേഷൻ റിപ്പോർട്ട്**-കെ.എസ്.എ.പി.റ്റി.എ.പി-7/186/20/ 27.04.2020	28 ഖണ്ഡികകൾ, 1-9,1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19 To 1-37
2019-20	കെ.എസ്.എ.പി.റ്റി.എ.പി-7/314/22/ 26.03.2022	14 ഖണ്ഡികകൾ 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-24, 1-25, 1-27, 1-28
2020-21	കെ.എസ്.എ.പി.റ്റി.എ.പി7/428/2022 18.05.2022	13 ഖണ്ഡികകൾ 1-11, 1-13, 1-15, 1-16,1-17, 1-19, 1-21, 1-28, 1-29, 4-2, 4-7, 4-9, 4-10
2021-22	കെ.എസ്.എ.പി.റ്റി.എ.പി7-206/23 തീയതി: 28.03.2023	1-11, 1-12, 1-12-1, 1-12-2, 1-13, 1-19, 1-20, 4-2
2022-23	കെ.എസ്.എ-പി.റ്റി.എ. പി7/992/2023 തീയതി: 17-10-2023	1-11-1, 1-12, 1-13, 1-15, 1-17, 1-20, 1-25, 1-26, 1-32, 1-33, 4-2, 4-8, 4-10

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 18-06-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the KUNNAMTHANAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of KUNNAMTHANAM Grama Panchayat as on 31-03-2024

Date: 24/10/2024

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of KUNNAMTHANAM Grama Panchayat for the Year 2023-2024 .

1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. Cash Flow Statement-Net increase in cash flow does not match with the difference between opening balance and

closing balance of cash and cash equivalents.

2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. Demand, Collection and Balances figures in respect of Proprtytax as per Annual Financial Statement does not match with the Sanchaya.

4. Schedule B-18: Amount deposited in various implementing agencies for deposit works is not accurate and reliable for audit.

5. Lapsed deposits have not been forfeited and transferred to the revenue head concerned.

6. Beneficiary Contribution- The balance amount has not been adjusted or refunded to the implementing officers.

7. The amount incurred for creation of assets through utilization of various grants has not been transferred to capital contribution head.

8. Schedule B-4: Life State Share Amount (Rs. 7,63,103) does not match with the amount (Rs. 6,20,129) in the concerned bank account.

9. Expenditure incurred using various grants (Keralotsavam, Literacy, Pre-Monsoon Cleaning) has not been ransferred to revenue head concerned.

10. Schedule B-4: Finance Commission Grant Share-Reserve Amount-There is a difference of Rs.192292 with the amount in the concerned bank account.

11. Schedule B-5: Source recovery amount of previous years not accounted for in loan account.

12. 1. Schedule B-9: Amount Payable to Other Creditors- The amount recorded as deposit (Rs. 22,920) is incorrect.
2. Schedule B-9: Govt. And Other dues Payable-Others- The amount recorded as liability (Rs. 25,000) is incorrect.

13. 1. Schedule B-11(d): Electricity Line Extension- Street Line at Elapungal Stadium (Project No. 111/24) - Deposit work (Rs. 44,944) booked under Asset Head (414200003) before completion of work.
2. Schedule B-11(e): Other Building Furniture-Furniture purchased for Ayurveda Hospital (Project No.138/24) Rs. 2,00,000 was not booked under the head Medical Institution(Ayurveda)- Furniture.
3. Schedule B-15: Receivables for surcharge on Property tax (Current) Rs. 79557, Receivables for surcharge on Property tax (Arrear)-Rs. 86381 is recorded as receivable. Such head does not exist.
4. Schedule B-18: Advance to Other Authorized Agencies- Amount paid towards training of secretary (Rs. 6000) has been booked under wrong head of account.
5. Schedule I-14(A): Amount advanced to PWD Electronics (Rs. 55000) for installation of camera at MCF was booked under Revenue Head (251220008) instead of booking under Advance Head.

14. Employment Guarantee Scheme - Amount paid directly to beneficiaries is not included in the Annual Financial Statement.

15. Schedule B-17: Amount in Jalanidhi account (Rs. 7898) were not booked under liability head.

16. Schedule I-18: Prior Period Expenditure- Tax Remission & Refund -Property Tax on Residential building- A large amount (Rs. 1405554) has been written off.

17. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുന്നന്താനം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്